# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3226 — 10/12/2018-ൽ മറുപടിയ്ക്ക്

## പ്രീ സ്കൂൾ അധ്യാപകർക്ക പരിശീലനം

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.കെ. ദാസൻ** | പ്രൊഫ. സി.രവീന്ദ്രനാഥ്<br>(പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി) |

| | | | |
|---|---|---|---|
| (എ) | പ്രീ സ്കൂൾ അധ്യാപകരായി വിവിധ വിദ്യാലയങ്ങളിൽ നിയമിതരായ അധ്യാപകർക്ക് പരിശീലനം നൽകാൻ പൊതു വിദ്യാഭ്യാസ വകുപ്പ് ആലോചിച്ചിട്ടുണ്ടോ; എങ്കിൽ സ്കൂൾ പി.ടി.എ കൾ നടത്തുന്നതും സർക്കാർ അംഗീകാരമില്ലാത്തതുമായ പ്രീ സ്കൂൾ ടീച്ചർമാരെ പരിശീലനത്തിന് പരിഗണിക്കുമോ; | (എ) | ഉണ്ട്. അധ്യാപകർക്കും ആയമാർക്കും പരിശീലനം നൽകുന്നതിന് എസ്.സി.ഇ.ആർ.ടി. പരിശീലന മൊഡ്യൂൾ തയ്യാറാക്കിയിട്ടുണ്ട്. ജില്ലയിലെ പരിശീലനം പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റും ക്ലസ്റ്റർതല പരിശീലനം എസ്.എസ്.എ-യുമാണ് നടത്തുന്നത്. ക്ലസ്റ്റർതല പരിശീലനത്തിൽ പി.ടി.എ.യുടെ നിയന്ത്രണത്തിലുള്ള സർക്കാർ അംഗീകാരമില്ലാത്ത പ്രീ സ്കൂൾ ടീച്ചർമാരെ ഉൾപ്പെടുത്തുന്ന കാര്യം പരിശോധിക്കുന്നതാണ്. |
| (ബി) | കേന്ദ്ര സർക്കാരിന്റെ മാനവ വിഭവശേഷി മന്ത്രാലയത്തിന്റെ അംഗീകാരത്തോടെ പ്രവർത്തിക്കുന്ന ജനശിക്ഷൻ സംസ്ഥാനിൽ നിന്നും പ്രീ പ്രൈമറി ആന്റ് ഏർളി ചൈൽഡ് ഹുഡ് എഡ്യൂക്കേഷൻ സർട്ടിഫിക്കറ്റ് കോഴ്സ് പാസായവരെ ഔദ്യോഗിക പരിശീലന പരിപാടികളിൽ നിന്നും മാറ്റിനിർത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവരെയും പരിശീലന പരിപാടികളിൽ പങ്കെടുപ്പിക്കുന്നതിനും അംഗീകാരം നൽകുന്നതിനും നടപടി കൈക്കൊള്ളുമോ? | (ബി) | ഈ കാര്യം പരിശോധിക്കുന്നതാണ്. |

Reena

സെക്ഷൻ ഓഫീസർ